**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1572** **19-01-2021 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിലെ ആർ.ഐ.ഡി.എഫ്. പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | Shri. V. S. Sunil Kumar<br>(കൃഷി വകുപ്പുമന്ത്രി) | |
| (എ) | ആർ.ഐ.ഡി.എഫ്. XXVI-ന് കീഴിൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ആലത്തൂർ നിയമസഭാ മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തിയുടെ വിശദവിവരവും അനുവദിച്ച തുകയും വ്യക്തമാക്കുമോ; | (എ) | ആലത്തൂർ മണ്ഡലത്തിൽ RIDF XXVI പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ട് പ്രവർത്തികൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ ആദ്യത്തെ പദ്ധതിയായ ആലത്തൂർ മണ്ഡലത്തിനു കീഴിലെ വിവിധ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തികൾക്കുള്ള പദ്ധതിയിൽ ആലത്തൂർ നിയമസഭാ മണ്ഡലത്തിനു കീഴിൽ വരുന്ന കിഴക്കഞ്ചേരി, വണ്ടാഴി പഞ്ചായത്തുകളിലെ കനാലുകളുടെ നിർമ്മാണ പ്രവർത്തികൾക്കായി 298 ലക്ഷം രൂപയും രണ്ടാമത്തെ പദ്ധതിയായ ആലത്തൂർ കിഴക്കഞ്ചേരി, എരിമയൂർ പഞ്ചായത്തുകളിലെ കാർഷിക ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തികൾക്കുള്ള പദ്ധതിയിൽ 1923 ലക്ഷം രൂപയും ചേർത്ത് ആകെ 2221 ലക്ഷം രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ? | (ബി) | പ്രസ്തുത പദ്ധതികളുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ